ടൂറിസം വികസനത്തിന് കൂടുതൽ സഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാൻ നടപടി

40 [5416] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാർ ഓരോ വർഷവും എത്ര കോടി രൂപ അനുവദിച്ചു; അതിൽ എത്ര ചെലവാക്കി; എത്ര ലാപ്സായി എന്ന് വ്യക്തമാക്കുമോ

(ബി) ടൂറിസം വികസനത്തിന് കൂടുതൽ സഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാന ഗവൺമെന്റ് ടൂറിസം വികസനത്തിന് ഈ സർക്കാർ വന്നശേഷം ഓരോ വർഷവും എന്ത് തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽ എന്ത് തുക ഏതെല്ലാം പദ്ധതികൾക്കായി ചെലവാക്കി;

(ഇ) എത്ര തുക വിവിധ വർഷങ്ങളിൽ ലാപ്സായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ അനുവദിച്ച തുക

1. 2001-02 .. 4,42,30,000 രൂപ
2. 2002-03 .. 8,61,36,000 രൂപ

ചെലവഴിച്ച തുക

1. 2001-02 .. 1,91,67,000 രൂപ
2. 2002-03 .. 8,29,86,000 രൂപ

തുകയൊന്നും ലാപ്സ് ആയിട്ടില്ല.

(ബി, സി) ടൂറിസം വികസനത്തിന്റെ ആവശ്യകത കണക്കിലെടുത്ത് വിവിധ പദ്ധതികൾ കേന്ദ്ര സഹായത്തിനായി സമർപ്പിക്കുന്നുണ്ട്. ടി പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.†

(ഡി) വകയിരുത്തിയിട്ടുള്ള തുക

1. 2001-02 .. 30 കോടി രൂപ
2. 2002-03 .. 64.3001 കോടി രൂപ.

ഇതിൽ പദ്ധതിക്കായി വിനിയോഗിച്ച തുകയും പദ്ധതികളും അനുബന്ധം II ആയി ചേർക്കുന്നു.††

(ഇ) തുകയൊന്നും ലാപ്സായിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
†† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly